**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2271 **09.03.2018** -ലെ മറുപടിക്ക്

## <u>സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷന്റെ പ്രവർത്തനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താമോ; കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഏതൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | (എ) | 1972-ൽ സ്ഥാപിതമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നാളിതുവരെ 1,79,761 ഗുണഭോക്താക്കൾക്കായി 563.59 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2017-18-ൽ 53.02 കോടി രൂപയുടെ വായ്പാ വിതരണവും 47.23 കോടി രൂപയുടെ തിരിച്ചടവും എന്ന അഭൂതപൂർവ്വമായ നേട്ടം കൈവരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഇപ്രകാരമാണ്.<br>I.നിലവിലെ ഓഹരി മൂലധനം 150 കോടി രൂപയിൽ നിന്നും 200 കോടിയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br>II. <u>ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ</u><br>i. <u>മൈക്രോ ഫിനാൻസ് പദ്ധതി:</u> കുടുംബശ്രീയുമായി ചേർന്ന് വനിതകളുടെ ഗ്രൂപ്പുകൾക്ക് ജാമ്യമില്ലാതെ വായ്പ നൽകുന്ന പദ്ധതി.<br>ii. <u>കൃഷിഭൂമി വായ്പ പദ്ധതി:</u> പട്ടികജാതിയിൽപ്പെട്ട ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് 30 സെന്റ് കൃഷിഭൂമി വാങ്ങുന്നതിനായി പരമാവധി 4 ലക്ഷം രൂപ വായ്പ നൽകുന്നു. |

| | | | |
|---|---|---|---|
| | | | iii. വിദേശ തൊഴിൽ വായ്പാ പദ്ധതി: വിദേശത്ത് തൊഴിൽ തേടുന്ന തൊഴിൽ രഹിതരായ പട്ടികജാതി യുവാക്കൾക്ക് (ഒരു ലക്ഷം രൂപ സബ്സിഡി ഉൾപ്പെടെ) രണ്ടു ലക്ഷം രൂപ വായ്പ നൽകുന്നു.<br>iv. പെട്രോളിയം ഡീലർമാർക്കുള്ള വായ്പ: പട്ടികജാതിയിൽപ്പെട്ട പെട്രോളിയം ഡീലർമാർക്ക് പ്രവർത്തന മൂലധന വായ്പയായി പരമാവധി 7.50 ലക്ഷം രൂപ നൽകുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്.<br>v. കാർ ലോൺ വായ്പാ പദ്ധതി: പട്ടികജാതിയിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് 5.00 ലക്ഷം രൂപ മുതൽ 7.50 ലക്ഷം രൂപ വരെ വായ്പ നൽകുന്ന 'കാർ ലോൺ പദ്ധതി' ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.<br>vi. കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനായി 'ഒപ്പം' എന്ന പരിപാടിയിലൂടെ പദ്ധതികളെക്കുറിച്ചുള്ള വിപുലമായ ബോധവത്ക്കരണവും വിശദീകരണവും നടത്തുന്നുണ്ട്.<br>vii. ഓരോ ജില്ലയിലും ഒരു എസ്.ടി. കോളനി വീതം ദത്തെടുക്കുന്ന പദ്ധതിയെപ്പറ്റി പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി 2017-2018 സാമ്പത്തിക വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നു അതിൽ എത്ര തുക ഇതുവരെ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | 2017-18-ൽ സർക്കാർ വിഹിതമായി 25.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം വായ്പാ വിതരണത്തിനായി ലക്ഷ്യമിട്ടിരിക്കുന്ന 60 കോടി രൂപയിൽ 2017 ഫെബ്രുവരി 28 വരെ 53.02 കോടി രൂപ (88%) വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ